*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച് 3, 2004**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 26B

ഓം.... ഓം.... ഓം....
*സായിരാം*

*ഭഗവാന്റെ ചരണകമലങ്ങളിൽ പ്രണാമങ്ങളോടെ,*

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ!

## എനിക്ക് ഒന്നുംതന്നെ ചോദിക്കാനില്ല – ഫാത്തിമ

ആദ്യത്തെ ഭക്ത ബ്രസീലിൽനിന്നായിരുന്നു. അവരുടെ പേര് ഫാത്തിമ. അവർ ഒരു സ്കൂൾ അഡ്മിനിസ്ട്രേറ്ററാണ്. അവർ ബ്രസീലിൽ ഏതാനും വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുകയാണ്. ഞാൻ അവരോട് ഏതാനും ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി, അതിനവർ അതിശയകരമായ മറുപടിയാണ് തന്നത്. ഈ മറുപടികൾ കേട്ടിട്ട് സ്വാമിക്ക് വളരെ സന്തോഷമായി.

ചോദ്യങ്ങളും മറുപടികളും താഴെ കൊടുക്കുന്നു:

അനിൽ: “താങ്കൾ ആദ്യമായാണോ ഇവിടെ വരുന്നത്? താങ്കളുടെ അനുഭവങ്ങൾ ദയവു ചെയ്ത് എന്നോട് പറയുമോ?”




ബ്രസീൽ സായി ഓർഗനൈസേഷൻ വെബ്സൈറ്റ്: ***www.sathyasai.org.br***

ഫാത്തിമ: “അതെ! ഇതെന്റെ ആദ്യ സന്ദർശനമാണ്. എന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് താങ്കൾ ആവശ്യപ്പെട്ടതുകൊണ്ട്, ഒരനുഭവം പറയാം: എനിക്ക് ഭഗവാന്റെ ദർശനം ഉണ്ടായപ്പോൾ, എനിക്ക് തോന്നിയത് എനിക്ക് അവിടുന്നിൽനിന്ന് ഊർജ്ജം ലഭിച്ചു

എന്നാണ്. ഞാനിപ്പോൾ വളരെ ഊർജ്ജസ്വലയാണ്. ഭഗവാന്റെ ദർശനം ഉണ്ടായതിനു ശേഷം ഞാൻ വളരെ ആവേശഭരിതയാണ്.''

(ഞാനിക്കാര്യം സ്വാമിയോട് പറഞ്ഞപ്പോൾ, ഭഗവാന് അങ്ങേയറ്റം സന്തോഷമുണ്ടായി. ഈ മറുപടിയെക്കുറിച്ചുള്ള എന്റെ നിഗമനം ഇതാണ്: ആ ഊർജ്ജം സ്വീകരിക്കുന്നതിന് നമ്മളും തയ്യാറാവണം. നാം ഇതിനായി സംവേദനക്ഷമതയുള്ളവരാവണം. നാം സ്വീകരണസന്നദ്ധരാവണം. സ്വീകരിക്കുന്നതിന് നാം തയ്യാറെടുക്കണം. വലിയ ഭക്തയായ ആ സ്ത്രീ, തുറന്ന മനസ്സോടെയും ഹൃദയത്തോടെയും സംവേദനക്ഷമതയുള്ളവരായതുകൊണ്ടാണ് അവർക്ക് ഭഗവാന്റെ ഊർജ്ജം സ്വീകരിക്കുന്നതിനായത്. അത് ശരിക്കും അത്യുത്തമമാണ്.)



അനിൽ: ''താങ്കൾക്ക് അവസരം നൽകപ്പെടുകയാണെങ്കിൽ, ഭഗവാനു മുമ്പാകെ എന്തൊക്കെ ആഗ്രഹങ്ങളാണ് താങ്കൾ സമർപ്പിക്കുക?''

(ഇത് കാണുക. അവർ നൽകിയ മറുപടി ശ്രദ്ധിക്കൂ!)

പ്രഫ.അനിൽകുമാർ, ബ്രസീലിയൻ കുട്ടികൾക്കൊപ്പം

ഫാത്തിമ: ''വാസ്തവം പറയുകയാണെങ്കിൽ, മി.അനിൽകുമാർ, എനിക്ക് ഒരു ആഗ്രഹവുമില്ല.'' (പതിനായിരത്തിൽ ഒരാൾപോലും ഇങ്ങനെ പറയുമെന്ന് ഞാൻ കരുതുന്നില്ല.)

''എനിക്ക് ഒന്നും ചോദിക്കാനില്ല; എനിക്ക് ആഗ്രഹങ്ങളില്ല. ഞാൻ ഒരു ഇന്റർവ്യൂവിനു പോലും ആഗ്രഹിക്കുന്നില്ല. ഇല്ല! ഞാൻ ആഗ്രഹിക്കുന്നത് ഇതാണ്-എന്റെയുള്ളിലെ പ്രേമഭാവം പോഷിപ്പിക്കുക, ചുറ്റിലുമുള്ളവരുമായി അത് പങ്കുവയ്ക്കുക. അതാണ് ഞാൻ ആഗ്രഹിക്കുന്നത്. കൂടുതലായൊന്നും ആവശ്യമില്ല.''

(ഞാനിത് സ്വാമിയെ അറിയിച്ചപ്പോൾ അവിടുന്ന് പറഞ്ഞു, ''നോക്കൂ, ഈ ആളുകൾക്ക് ആഗ്രഹങ്ങളില്ല. നിങ്ങൾക്കാണെങ്കിൽ നിറയെ ആഗ്രഹങ്ങളാണ്. അതിന് അവസാനമില്ല. അവരുടെ ഭക്തിയുടെ തലം ഇതാണ്.'') (*ചിരി*)

അനിൽ: ''താങ്കളുടെ ഇവിടുത്തെ ആദ്യസന്ദർശനം എന്ന നിലയ്ക്ക്, ഇവിടെ പ്രശാന്തിനിലയത്തിൽനിന്ന് എന്താണ് കൊണ്ടുപോകാനുള്ളത്?''

(എത്ര അതിശയകരമായ മറുപടിയാണ് അവർ നൽകിയതെന്നോ!)

ഫാത്തിമ: ''പ്രഭുവിന്റെ മധുരനാമവും അവിടുത്തെ മനോജ്ഞരൂപവും, അവിടുത്തെ അതിശയകരമായ പ്രബോധനങ്ങൾ, സായീസാഹിത്യത്തിലുള്ള കുറെയധികം പുസ്തകങ്ങൾ. ഇക്കാര്യങ്ങളാണ് ഞാൻ കൂടെ കൊണ്ടുപോവുന്നത്. ഇത്ര മാത്രം. മറ്റൊന്നും എനിക്കാവശ്യമില്ല.''

അനിൽ: ''താങ്കളുടെ സ്ഥലത്ത് തിരിച്ചെത്തിക്കഴിഞ്ഞ്, താങ്കൾ അവിടെ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്? താങ്കൾ ഇവിടെ പ്രശാന്തിനിലയത്തിൽ കുറച്ചുനാൾ ഉണ്ടായിരുന്നല്ലോ. ഭഗവാൻ താങ്കളെ വളരെ നന്നായി സ്വാധീനിച്ചുവെന്നാണ് താങ്കൾ പറയുന്നത്. താങ്കളുടെ സ്വദേശത്ത് തിരിച്ചെത്തിയിട്ട് എന്തു ചെയ്യാനാണ് താങ്കൾ ഉദ്ദേശിക്കുന്നത്?''



ബ്രസീലിയൻ സംഗീതം: 2002 ഗുരുപൂർണിമ

ഫാത്തിമ: ''മി. കുമാർ, ധ്യാനത്തിലേക്ക് പ്രവേശിക്കുന്നതിനായി എനിക്ക് വളരെ ആകാംക്ഷയാണ്. ദീർഘനേരം ധ്യാനത്തിനായി ചെലവിടുന്നതിന് ഞാൻ ആഗ്രഹിക്കുകയാണ്. എന്നെത്തന്നെ പരിവർത്തനം ചെയ്യുന്നതിനായി ഞാൻ ഉറപ്പിച്ചിരിക്കുകയാണ്. മന:ശുദ്ധി എനിക്ക് ആവശ്യമുണ്ടെന്ന് ഞാൻ തിരിച്ചറിയുന്നു. ഞാൻ സ്വയം പ്രയത്നിക്കും. എന്റെ ആത്മാവിനെ അഥവാ പ്രജ്ഞയെ അനുഭവിക്കുന്നതിലേക്കായി സ്വയം അന്തർമുഖയാകുന്നതിന് ഞാൻ തീരുമാനിച്ചുകഴിഞ്ഞു. എന്റെ സ്വദേശത്ത് എത്തിയാൽ ഇതൊക്കെ ചെയ്യുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നത്.''

ഞാൻ നിങ്ങളോട് പറയട്ടെ, ഇതാണ് ഒരു ഭക്തയുടെ തലം, ഞാൻ നിങ്ങളോട് പറയട്ടെ. വാസ്തവമായും ഞാൻ അതിശയിച്ചുപോയി! നിങ്ങളിൽ ഓരോരുത്തരും ഇതേ നിലവാരം ഉള്ളവരാണെന്ന് എനിക്കറിയാം. ഞാനീ തരുന്നത് ഇടയ്ക്കുനിന്നുള്ള ഒരു മാതൃകയാണ്. നിങ്ങളും മഹത്തുക്കളാണ്. (*ചിരി*)

അനിൽ: ''ഇവിടെ ഇപ്പോൾ എന്നെ കണ്ടുമുട്ടിയതിൽ താങ്കൾക്ക് എന്തു തോന്നുന്നു? ഇത് നോർത്ത് 5-ാം ബ്ലോക്കിലെ സായന്തനവേളയാണ്. നാം മരച്ചുവട്ടിൽ ഇരിക്കുന്നു. നിങ്ങളെ കണ്ടുമുട്ടിയത് നന്നായി. ഇവിടെ എങ്ങനെ തോന്നുന്നു താങ്കൾക്ക്?''

ഫാത്തിമ: ''മി. അനിൽകുമാർ, എനിക്ക് വളരെ ലാഘവത്വം തോന്നുന്നു; എനിക്ക് ഭാരമിറക്കിവച്ചതുപോലെ തോന്നുന്നു; എനിക്ക് കൂടുതലായി ആകാംക്ഷകളോ ആധികളോ ഇല്ല; ഞാൻ വളരെ സന്തോഷവതിയാണ്. എന്റെ ഒരേയൊരാഗ്രഹം, ആധികളുടെ വലിയ തലച്ചുമടില്ലാതെ, ഈ ലഘുത്വം ഉണ്ടായിരിക്കട്ടെ എന്നതാണ്. എന്റെ സ്വദേശത്തായാലും ഇതേ കാര്യം അനുഭവിക്കുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നത്. അവിടെയും കഴിയുന്നിടത്തോളം ഭാരമില്ലായ്മ ഉണ്ടാവണം എനിക്ക്.''

അനിൽ: ''ഇവിടെ കണ്ട എന്തൊക്കെ കാര്യങ്ങളാണ് അവിടെ താങ്കൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?''

ഫാത്തിമ: ''രണ്ടു കാര്യങ്ങളാണ് അവിടെ വിശ്വാസപൂർവം നടപ്പാക്കുന്നതിനായി ഞാൻ മനസ്സിലാക്കിയത്. ഒന്ന് സ്വാമിയിലുള്ള വിശ്വാസമാണ്, അചഞ്ചലമായ വിശ്വാസം, സ്വാമിയിലുള്ള സ്ഥിരവിശ്വാസം. മറ്റേത് പ്രേമമാണ്. ഈ രണ്ടു കാര്യങ്ങൾ അവിടെ നടപ്പാക്കുന്നതിന് ഞാൻ ആഗ്രഹിക്കുകയാണ്. ആ രാജ്യത്തുള്ള എന്റെ എല്ലാ സുഹൃത്തുക്കളുമായും ഇവ പങ്കുവയ്ക്കുന്നതിന് ഞാൻ ആഗ്രഹിക്കുകയാണ്. നാമെല്ലാവരും ദിവ്യോർജ്ജത്താൽ ബദ്ധരാണെന്ന വസ്തുത ഓരോരുത്തരും തിരിച്ചറിയണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. നാമെല്ലാവരും ദിവ്യചൈതന്യത്താൽ ഒരുമിപ്പിക്കപ്പെട്ടവരാണ്; അതിനാൽ നാം ഒരിക്കലും വിഭജിക്കപ്പെട്ടുകൂടാ. ദിവ്യചൈതന്യമാണ് നമ്മെ ഒരുമിപ്പിക്കുന്നത്. നാം ഈ വസ്തുതയെക്കുറിച്ച് അവബോധമുള്ളവരാവണം. ഇതാണ് ശരിയായ ബന്ധം. ദിവ്യചൈതന്യത്താൽ ഒരുമിപ്പിക്കപ്പെട്ടവരെന്ന നിലയ്ക്ക്, നാമെല്ലാവരും ഒന്നാണ്. ഇത് ഓരോരുത്തരും തിരിച്ചറിയുകയും അനുഭവിച്ചറിയുകയും വേണം.''

അനിൽ: ''മാഡം, താങ്കൾ നാട്ടിൽ ചെന്നുകഴിഞ്ഞ്, താങ്കളുടെ ജീവിതശൈലിയിൽ വരുന്ന ആദ്യത്തെ ശ്രദ്ധേയമായ മാറ്റം എന്തായിരിക്കും?''

ഫാത്തിമ: ''എനിക്കൊരു വേലക്കാരിയുണ്ട്. അവൾ ധാരാളം ജോലി ചെയ്യുന്നുണ്ട്, വൃത്തിയാക്കലും പാചകവും ഒക്കെയായി. അവളൊരു കെയർടേക്കറാണ്; അവളാണ് എല്ലാ പണിയും ചെയ്യുന്നത്. സ്വാമിയുടെയടുത്ത് വന്നതിൽപ്പിന്നെ, അവളെ സ്നേഹിക്കുന്നതിന് ഞാൻ തീരുമാനിച്ചിരിക്കുകയാണ്, കുറച്ച് കരുണ കാട്ടുന്നതിന്, കുറച്ച് ക്ഷമ കാട്ടുന്നതിന്, അവളോട് കൂടുതൽ സഹിഷ്ണുതാഭാവം പ്രകടിപ്പിക്കുന്നതിന്, അവളോട് സഹകരിക്കുന്നതിന്. ഞാനിപ്പോൾ അവളോട് കാട്ടുന്നതിലുമധികം ഞാനവളെ സഹായിക്കണമെന്ന്, വല്ലപ്പോളുമൊക്കെ അവൾക്ക് സേവ ചെയ്യണമെന്ന്, ഞാൻ തീരുമാനിച്ചിട്ടുണ്ട്.

അവൾ എന്നെ സേവിച്ചുകൊണ്ടിരിക്കുകയാണ്. എനിക്കും അവൾക്ക് സേവ ചെയ്യണം. അവിടെയെത്തിയാലുടൻ ഞാൻ ചെയ്യുന്നത് ഇതാവും.''

അനിൽ: ''താങ്കൾ ഇവിടെനിന്നും ഒത്തിരി കാര്യങ്ങൾ മനസ്സിലാക്കിയെന്നു തോന്നുന്നു. ഞങ്ങൾക്കതിൽ വളരെ സന്തോഷമുണ്ട്. എന്നാൽ, ഞാനൊരു ലളിതമായ ചോദ്യം ചോദിച്ചോട്ടെ. അവിടെവച്ച് പരിശീലിക്കുന്നതിന് ഏറ്റവും പ്രയാസമുള്ളതായി ഇവിടെ താങ്കൾ കണ്ട കാര്യം എന്താണ്? ഇവിടെനിന്നും മനസ്സിലാക്കിയ കാര്യങ്ങളിൽവച്ച്, താങ്കളുടെ നാട്ടിൽച്ചെന്ന് പരിശീലിക്കുന്നതിന് ഏറ്റവും പ്രയാസമുള്ളതായ കാര്യം എന്താണ്?''

ഫാത്തിമ: ''എന്റെ ഈഗോയിൽനിന്ന് മോചനം ലഭിക്കുന്നത്. അതാവും ഏറ്റവും പ്രയാസ




മുള്ളതായ കാര്യം.''

അനിൽ: ''അത് താങ്കൾക്കെങ്ങനെ അറിയാം?''

ഫാത്തിമ: ''എനിക്ക് വെസ്റ്റേൺ കാന്റീനിൽ സേവ ചെയ്യുന്നതിന് അവസരം കിട്ടിയിരുന്നു. അവിടെ ഞാൻ സേവ ചെയ്തുകൊണ്ടിരിക്കുമ്പോൾ, പെട്ടെന്ന് സ്വാമിയുടെ കാർ ആ ഭാഗത്തേക്ക് വരുന്നുണ്ടെന്ന അറിവ് ഞങ്ങൾക്ക് കിട്ടി. ഞാൻ എന്റെ പണി ഉപേക്ഷിച്ചിട്ട്,

സ്വാമിയെ എനിക്ക് കാണാമെന്നും സ്വാമിക്ക് എന്നെ നോക്കാനാവും എന്നും കരുതി, കാന്റീനിൽനിന്ന് പുറത്തു വന്നു. എന്നാൽ, അവിടുന്ന് എനിക്ക് മുഖം തന്നില്ല. അവിടുന്ന് നേരേ എതിർദിശയിലേക്ക് അവിടുത്തെ മുഖം തിരിക്കുകയാണുണ്ടായത്, ഞാനെന്ന ഒരാൾ ഇല്ലായെന്ന രീതിയിൽ. ആദ്യമായി, ഞാൻ അഹംഭാവമില്ലാത്തയാളാവണം എന്ന് ഞാൻ മനസ്സിലാക്കി.''

(ഈശ്വരനും തനിക്കും ഇടയ്ക്ക് ഈഗോയാണ് തടസ്സം നിൽക്കുന്നത് എന്നതും അവർ സമ്മതിക്കുകയുണ്ടായി. ഈ ഈഗോ തകർക്കുന്നത് വലിയ ആയാസകരമായ ജോലിയാവും.)

അനിൽ: ''എനിക്ക് തെറ്റിപ്പോയേക്കാം, പക്ഷേ ഞാൻ കരുതുന്നത്, നിങ്ങളുടെ രാജ്യം മുഴുവനും ലൗകികരായ, ഭൗതികതയിൽ മുഴുകിയ ആളുകളാണുള്ളത് എന്നാണ്. പ്രശാന്തിനിലയത്തിൽ ആദ്ധ്യാത്മികതയുടെ ഓവർ-ഡോസേജ് ഉള്ളതായി നിങ്ങൾ കരുതുന്നുണ്ടോ? ഇവിടെയുള്ള ആദ്ധ്യാത്മികതയുടെ ഓവർ-ഡോസേജും അവിടുത്തെ ഭൗതികതയുടെ ഓവർ-ഡോസേജും തമ്മിൽ നിങ്ങളെങ്ങനെ ബാലൻസ് ചെയ്യാനാണ്? നിങ്ങളെങ്ങനെ സമതുലനം സ്ഥാപിക്കും?''

ഫാത്തിമ: ''മി. കുമാർ, ഭൗതികതയും ആദ്ധ്യാത്മികതയും പരസ്പരവിരുദ്ധമാണെന്ന് ഞാൻ കരുതുന്നില്ല. അവ വിപരീതങ്ങളാണെന്ന് ഞാൻ കരുതുന്നില്ല. അവ പൂരകങ്ങളാണ്. അവ കൈകോർത്ത്, ഒരുമിച്ച് പോകുന്നവയാണ്.''

അവർ അവരുടെ ജീവിതത്തിലെ ഒരു ഉദാഹരണം തന്നു. അവർക്ക് മൂന്ന് പെൺകുട്ടികളുണ്ട്. അവർ വലിയ അന്തസ്സുള്ള, പദവിയുള്ള ആളാണ്, അവർ വേണ്ടത്ര ധനികയാണ്, സേവ എന്താണെന്ന് അവർക്ക് പിടിയില്ലായിരുന്നു. നിർഭാഗ്യവശാൽ, ഒരു കാർയാത്രയ്ക്കിടയ്ക്ക് അവർക്ക് ഒരു അപകടം സംഭവിക്കുകയും ആറു മാസത്തേക്ക് അവർ ആസ്പത്രിയിലാവുകയും ചെയ്തു. ഓരോരുത്തരും അവരെ ശുശ്രൂഷിക്കുകയുണ്ടായി. അവരുടെ മൂന്ന് പുത്രിമാരും വലിയ വിശ്വാസ്യതയോടെയും സ്നേഹത്തോടെയും അവരെ പരിചരിച്ചു.

അവർ എന്നോട് പറഞ്ഞു, ''സേവനത്തിന്റെ മൂല്യം അന്ന് ആദ്യമായിട്ടാണ് ഞാൻ തിരിച്ചറിഞ്ഞത്. ഓരോരുത്തരും സേവ ചെയ്യേണ്ട ആവശ്യമുണ്ട്, എന്തുകൊണ്ടെന്നാൽ പിന്നീട് നമുക്ക് സേവ വേണ്ടിവന്നേക്കാം. സേവനത്തിന്റെ ആവശ്യകത, സേവനത്തിന്റെ പ്രാധാന്യം, ഞാൻ മനസ്സിലാക്കിയത് ഇവിടെനിന്നാണ്. തന്നെയുമല്ല, ഞാൻ സേവ ചെയ്യുകയാണെങ്കിൽ, ഭഗവാൻ എന്റെ കുടുംബത്തെ സംരക്ഷിക്കുമെന്ന് എനിക്ക് ബോധ്യമായിട്ടുണ്ട്.

ഞാൻ അവിടുത്തെ സേവ ചെയ്യുകയാണെങ്കിൽ, മറ്റെല്ലാം പ്രഭു നോക്കിക്കൊള്ളും. അതിനാൽ, ഹൃദയത്തിൽ പ്രഭുവിനെ പ്രതിഷ്ഠിച്ചുകൊണ്ട് നാം ലോകത്തിൽ സഞ്ചരിക്കുകയാണെങ്കിൽ, അവിടുത്തെ ലോകത്ത് ഒന്നുതന്നെ വിരുദ്ധമായി നാം കാണുകയില്ല. ലൗകികതയും ആദ്ധ്യാത്മികതയും എതിർദിശകളിൽ നീങ്ങുന്നത് നാം കാണില്ല. അവ എതിർധ്രുവങ്ങളല്ല. അല്ല! അവ കേവലം സമാന്തരങ്ങളാണ്, ഒരുമിച്ച് കൈ കോർത്ത് നീങ്ങുന്നവയാണ്.''

## ഞാൻ പ്രഭുവിനെ എന്റെ ഹൃദയത്തിൽ കാണുന്നു–ജൊവാൻ

ഇനി, ഞാൻ അവിടെ ഇരിപ്പുണ്ടായിരുന്ന രണ്ടാമതൊരാളുമായി സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പേര് ജൊവാൻ എന്നാണ്. അദ്ദേഹം ഒരു ജിയോളജിസ്റ്റാണ്. ക്രൊയേഷ്യയ്ക്ക് അടുത്ത സ്ഥലമായ സെർബിയയിൽനിന്നാണ് വരുന്നത്. അദ്ദേഹം എന്റെ ചോദ്യങ്ങൾക്ക് തന്ന മറുപടികളും ഞാൻ സ്വാമിയുമായി പങ്കുവയ്ക്കുകയുണ്ടായി.




അനിൽ: ''ബ്രദർ, താങ്കൾ എത്രവട്ടം ഭഗവാനെ സന്ദർശിച്ചിട്ടുണ്ട്?''

ക്രൊയേഷ്യ, സെർബിയ. ബോസ്നിയ, ഹെർസെഗൊവീന, മാസിഡോണിയ, സ്ലൊവേനിയ എന്നീ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള ഭക്തർ സായീകുൽവന്ത് ഹാളിൽ സംഗീതപരിപാടി അവതരിപ്പിച്ചപ്പോൾ: 2009 ഡിസംബർ 28

ജൊവാൻ: ''ഇതെന്റെ മൂന്നാമത്തെ സന്ദർശനമാണ്. ഈ സ്ഥലം വീണ്ടും വീണ്ടും സന്ദർശിക്കണമെന്ന് എനിക്ക് തോന്നുകയാണ്, എന്തുകൊണ്ടെന്നാൽ ഞാൻ ഇവിടേക്ക് ആകർഷിക്കപ്പെടുന്നു, അവിടുത്തെ കാന്തികപ്രേമത്താൽ ഞാൻ ആകർഷിക്കപ്പെടുന്നു. അവിടുത്തെ കൃപയാലാണ് എനിക്ക് ഈ സ്ഥലം ആവർത്തിച്ച് സന്ദർശിക്കുന്നതിന് സാധ്യമാവുന്നതെന്ന് ഞാൻ കരുതുന്നു. ഭാവിയിലും ഇവിടെ വരുന്നതിനായി കൂടുതലായി അവസരങ്ങൾ അനുവദിക്കുന്നതിന് എന്നെ അനുഗ്രഹിക്കുമെന്ന് ഞാൻ പ്രഭുവിനോട് പ്രാർത്ഥിക്കുകയാണ്.''



അനിൽ: "ശരി! ഈ സ്ഥലത്തേക്ക് വിജയകരമായ മൂന്ന് ട്രിപ്പുകൾ നടത്തിയതിന് അഭിനന്ദനങ്ങൾ. താങ്കൾ വാസ്തവമായും ഒരു തെരഞ്ഞെടുക്കപ്പെട്ട ഭക്തൻതന്നെ. സംശയമില്ല, താങ്കൾ തികച്ചും ഭാഗ്യവാനാണ്. പക്ഷേ, ഓരോ സന്ദർശനത്തിനും ഒടുവിൽ എന്താണ് സംഭവിച്ചത് എന്നറിയുന്നതിന് എനിക്ക് ആകാംക്ഷയുണ്ട്. ഓരോ സന്ദർശനവും താങ്കൾക്ക് ഏതു രീതിയിലാണ് പ്രയോജനപ്പെട്ടത്?"

ജൊവാൻ: "ആദ്യത്തെ തവണ ഞാൻ ഭഗവാനെ കണ്ടപ്പോൾ, ഞാൻ പ്രഭുവിൽ എന്റെ പിതാവിനെയാണ് കണ്ടത്. എന്നെ സ്വീകരിക്കുന്നതിനായി എന്റെ പിതാവ് ദീർഘനാളായി കാത്തിരിക്കുകയായിരുന്നു എന്നാണ് എനിക്ക് അനുഭവപ്പെട്ടത്. എന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടതായി എനിക്ക് അനുഭവപ്പെട്ടു. വാസ്തവത്തിൽ, ഭഗവാന്റെ ഫോട്ടോ ആദ്യമായി ഞാൻ കണ്ടപ്പോൾ, എന്റെ മുഖത്തുകൂടി കണ്ണുനീർ ഒഴുകാൻ തുടങ്ങി. അതെങ്ങനെ സംഭവിച്ചു എന്ന് എനിക്കറിയില്ല! പ്രശാന്തിനിലയത്തിലേക്ക് വരുന്നതു വരെ എനിക്കത് നിയന്ത്രിക്കാനായില്ല. അതായിരുന്നു എന്റെ ആദ്യത്തെ അനുഭവം ഇവിടെ."



"രണ്ടാമത്തെ സന്ദർശനത്തിൽ, ഒരു ഇന്റർവ്യൂ അനുവദിക്കപ്പെടുക എന്ന അനുഗ്രഹം എനിക്ക് ലഭിക്കുകയുണ്ടായി. സ്വാമി എനിക്ക് ഒരു ഇന്റർവ്യൂ അനുവദിച്ചു, എനിക്ക് ഏഴു തവണ പാദനമസ്കാരവും ലഭിച്ചിട്ടുണ്ട്!" (ഈ മനുഷ്യൻ എണ്ണുകയും ചെയ്തിരിക്കുന്നു! നന്നായി!) "എനിക്ക് ഈ അനന്തമായ സന്തോഷം ലഭ്യമായതിൽ എന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. എനിക്കെങ്ങനെ ഇതൊക്കെ അനുഭവിക്കാനായി? എന്റെ രണ്ടാമത്തെ സന്ദർശനത്തിൽ, ബാബയെ എന്റെ മാതാവായാണ് ഞാൻ കണ്ടത്. ആ പ്രേമം, ഉത്കണ്ഠ, കരുതൽ ഒക്കെ ഞാൻ അനുഭവിക്കുകയുണ്ടായി."

"മൂന്നാമത്തെ സന്ദർശനത്തിനൊടുവിൽ, യാതൊരു തരത്തിലുമുള്ള ആകാംക്ഷ, ആധി ഇവ, എന്തുതന്നെയായാലും, എന്നെ അലട്ടില്ല എന്നൊരു ഭാവം എന്നിൽ വളരുകയുണ്ടായി. ആശ്രയിക്കാനായി ഒരാളുണ്ട്, ആലംബമായി ആരോ ഉണ്ട്, എന്റെ ജീവിതത്തെ കാക്കാനായി ആരോ ഉണ്ടെന്ന ഒരു തോന്നൽ. മൂന്നാമത്തെ സന്ദർശനത്തിനൊടുവിൽ, ഞാൻ വളരെ സന്തോഷവാനാണ്."

അനിൽ: "ഒ.കെ., നന്നായി! താങ്കളുടെ സ്വദേശമായ സെർബിയയിൽ ബാബയെ താങ്കളെങ്ങനെ അനുഭവിക്കുന്നു?"

ജൊവാൻ: "സ്വാമി വീണ്ടും വീണ്ടും എന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുന്നു. അവിടുന്ന് എനിക്ക് സന്ദേശങ്ങൾ കൈമാറുന്നു, എനിക്ക് ആവശ്യം വരുമ്പോഴൊക്കെ ഉപദേശങ്ങളും മാർഗനിർദ്ദേശങ്ങളും നൽകുന്നു. അവിടുന്ന് എന്റെ നിരവധി ജീവിതപ്രശ്നങ്ങൾ പരിഹരിച്ചുതരുന്നു. വാസ്തവത്തിൽ, എല്ലാ മാർഗനിർദ്ദേശങ്ങൾക്കും, അവിടുന്ന് എനിക്ക് കാരുണ്യപൂർവം നൽകിയ എല്ലാ ഉപദേശങ്ങൾക്കും പ്രഭുവിനോട് നന്ദി പറയാൻ എനിക്ക് വാക്കുകളില്ല. ബാബ എനിക്കുവേണ്ടി നൽകിയ ഒരു പ്രസ്താവനയും ഞാൻ ഓർമ്മിക്കുന്നു, ഈ ദിനംവരെ അതെന്റെ കാതുകളിൽ മുഴങ്ങുകയാണ്."

അനിൽ: "എന്താണത്?"

ജൊവാൻ: "നീണ്ട ജീവിതം പ്രധാനമല്ല. ദിവ്യജീവിതമാണ് പ്രധാനം. നിങ്ങൾ എത്രകാലം ജീവിച്ചിരുന്നു എന്നത് പ്രധാനമല്ല. നിങ്ങൾ എത്രമാത്രം ആദ്ധ്യാത്മികമായാണ് ജീവിക്കുന്നത്, നിങ്ങൾ എത്രമാത്രം മതപരമായാണ് ജീവിക്കുന്നത്, ഈ ജീവിതകാലത്ത് നിങ്ങളുടെ സാധന എപ്രകാരമാണ് പരിശീലിക്കുന്നത് എന്നതാണ് കൂടുതൽ പ്രധാനം. അന്നുമുതൽക്ക് അവിടുത്തെ പ്രബോധനങ്ങൾ വാക്കിലും പ്രവൃത്തിയിലും പരിശീലിക്കുന്നതിന് ഞാൻ തീരുമാനിച്ചു."

(സ്വാമി എന്നോട് പറയുന്നു, "ആ ആളുകൾ എങ്ങനെ പ്രതികരിക്കുന്നെന്നു നോക്കൂ. അവരുടെ ഭക്തി കാരണമാണ് അവർക്ക് ഇത്തരം അതിശയകരമായ അനുഭവങ്ങളുണ്ടാവുന്നത്. നിങ്ങളാണെങ്കിൽ വെറും പൊള്ളയും.")

അനിൽ: "സാർ, വിരോധമില്ലെങ്കിൽ, താങ്കളുടെ അനുഭവങ്ങളിലൊന്ന് ഞങ്ങളുമായി പങ്കുവയ്ക്കുമോ?"

ജൊവാൻ: "ഒരിക്കൽ എനിക്ക് എന്റെ അടുത്ത ഫ്ളൈറ്റ് പിടിക്കുന്നതിന് ഫ്രാങ്ക്ഫർട്ടിൽ ഇറങ്ങേണ്ടിവന്നു. നിങ്ങൾക്കറിയാവുന്നപോലെ, ഫ്രാങ്ക്ഫർട്ട് നിരവധി ഗേറ്റുകളുള്ള, ഇവിടുത്തെ കൊതുകുകളെപ്പോലെ അസംഖ്യം വിമാനങ്ങൾ വരികയും പോവുകയും ചെയ്യുന്ന, വളരെ വലിയ ഒരു എയർപോർട്ടാണ്. എന്നെ വിശ്വസിക്കൂ, എനിക്ക് പോവേണ്ടിയിരുന്ന ഗേറ്റ് 108 ആയിരുന്നു. ഇതെന്നെ അതിശയിപ്പിച്ചു. പിന്നെ മറ്റൊരിക്കൽ, എനിക്കെന്റെ വിമാനം നഷ്ടമായി, എന്റെ ബാഗേജ് കിട്ടിയില്ല. എന്റെ ബാഗേജ് എനിക്ക് നഷ്ടമായി. ഇണ്ടു ദിവസമെടുത്തു അത് കിട്ടാൻ, ലുഫ്ത്താൻസ എയർലൈൻസ് എനിക്ക്

കാലതാമസത്തിന് കുറച്ച് തുക നൽകുകയുണ്ടായി. അവർ ഡോയിഷ് മാക്സ്-ജർമൻ കറൻസിയിൽ തന്നതും 108! അത്ഭുതസ്തബ്ധനായി! പിന്നെ, ഞാനൊരു പുതിയ കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു. ഓരോ ജീവനക്കാരനും ഓരോ നമ്പറുണ്ട്, എന്റെ നമ്പർ 108! ഇതൊക്കെ കേവലം യാദൃശ്ചികം എന്ന് ഞാൻ കരുതുന്നില്ല. ഇല്ല! ഇതെല്ലാം ഭഗവാന്റെ ഇച്ഛയാണ്. അതാണ് ഞാൻ വിശ്വസിക്കുന്നത്."

അനിൽ: "സാർ, ഇവിടെ വന്നതിനുശേഷം താങ്കളുടെ ആദ്യത്തെ മാറ്റം അഥവാ പരിവർത്തനം എന്തെന്ന് എന്നോട് പറയുമോ?"

ജൊവാൻ: "ഇവിടെ നോക്കൂ, മി.അനിൽകുമാർ, ആദ്യത്തെ മാറ്റം എന്നത് എന്നിലെ ചെറിയ കുറ്റങ്ങൾ വലുതായി, ഭീമാകാരമായി തോന്നിത്തുടങ്ങി. അന്യരുടെ വലിയ കുറ്റങ്ങൾ വളരെ ചെറുതായി തോന്നിത്തുടങ്ങി. ഓരോരുത്തരോടും ക്ഷമിക്കേണ്ടതെങ്ങനെയെന്നും ഞാൻ മനസ്സിലാക്കി. ഓരോ കാര്യത്തിലും ഞാൻ സ്വയം പരിവർത്തനം ചെയ്യുകയും പരിഷ്കരിക്കുകയും വേണം എന്നത് ഞാൻ മനസ്സിലാക്കി."

അനിൽ: "താങ്കൾ ഏറെ സന്തോഷവാനായി കാണപ്പെടുന്നു. താങ്കളെ കണ്ടതിൽ ഞാൻ വളരെ സന്തോഷവാനാണ്. നന്നായി! ഒരുവന് ഇവിടെ സന്തോഷവാനാകാൻ പറ്റുന്നില്ലെങ്കിൽ, മറ്റെവിടെ അവൻ സന്തോഷം കണ്ടെത്താനാണ്? അസാദ്ധ്യം! ഇത് ആനന്ദത്തിന്റെ ഇടമാണ്. താങ്കൾ ആനന്ദാവസ്ഥയിലാണെന്നതിൽ എനിക്ക് സന്തോഷമുണ്ട്. എനിക്ക് ഒരു ചെറിയ ചോദ്യമുണ്ട്. പറ്റിയാൽ താങ്കളിതിന് മറുപടി തരണം. താങ്കൾക്ക് എപ്പോളെങ്കിലും നിരാശയോ വിഷാദമോ ഉണ്ടായിട്ടുണ്ടോ?"

ജൊവാൻ: "എന്തുകൊണ്ടില്ല? ഞാനും ഒരു മനുഷ്യജീവിയാണ്. വിഷാദത്തിന്റേതായ, മോഹഭംഗത്തിന്റേതായ നിരവധി നിമിഷങ്ങൾ ഉണ്ടായിട്ടുണ്ട്, പക്ഷേ ഒരു സംഗതി എന്നെ ഏറ്റവുമധികം വേദനിപ്പിക്കുന്നു."




അനിൽ: "എന്താണാ പ്രശ്നം? എന്താണ് താങ്കളുടെ വേദനയ്ക്ക് കാരണം?"

ജൊവാൻ: "ഓരോ വർഷവും, ഞാൻ വളരെയധികം ദൃഢനിശ്ചയങ്ങൾ എടുക്കുന്നു, വളരെയധികം തീരുമാനങ്ങൾ കൈക്കൊള്ളുന്നു. ഓരോ തവണയും, അതിൽ ഒന്നെങ്കിലും നടപ്പിലാക്കുന്നതിന് ഞാൻ പരാജയപ്പെടുന്നു. ഇതെപ്പറ്റി

എനിക്ക് ലജ്ജ തോന്നുന്നു. ഇത്രയധികം ദൃഢനിശ്ചയങ്ങളും തീരുമാനങ്ങളും എടുത്തിട്ടും, അതിൽ ഒന്നെങ്കിലും നടപ്പിലാക്കുന്നതിന് എനിക്ക് കഴിയുന്നില്ല. ഇത് വാസ്തവമായും വേദനാകരം തന്നെ! ഇതൊരു മനോദൗർബല്യത്തിന്റെ ലക്ഷണമാണെന്ന് ഞാൻ കരുതുന്നു. ഇക്കാര്യം എന്നെ മോഹഭംഗപ്പെടുത്തുന്നു, നിരാശനാക്കുന്നു.”

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)